LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 6, തിങ്കൾ

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2006 ഫെബ്രുവരി മാസം 6-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമ സഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 1

പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിൽരഹിതർ

[*1] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, ടി. പി. രാമകൃഷ്ണൻ:

,, എ. സി. മൊയ്തീൻ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നും തൊഴിൽ രഹിതരായിക്കൊണ്ടിരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കായി തൊഴിൽ വകുപ്പുവഴി എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പരമ്പരാഗത വ്യവസായ മേഖലയിൽ ഇതിനകം തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) തൊഴിൽ നഷ്ടപ്പെടുന്നവർക്കായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് തൊഴിലില്ലായ്മ വേതനം നൽകുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലയായ കയർ മേഖലയിലെ കയർ സൊസൈറ്റികളിലെയും സ്ഥാപനങ്ങളിലെയും തൊഴിൽരഹിതരായ തൊഴിലാളികൾക്ക് 2003 മുതൽ ഓണക്കാലത്ത് ഇരുന്നൂറു രൂപാ വീതം ഏക്സ്ഗ്രേഷ്യാ ധനസഹായം നൽകി വരുന്നു.

(സി) ശേഖരിച്ചിട്ടില്ല.

(ഡി) ചില സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ പൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ പുനരധിവാസത്തിനായി 2004-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്ത് ഇത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, സംസ്ഥാനത്ത് എത്ര തോട്ടങ്ങളാണ് പൂട്ടിക്കിടക്കുന്നതെന്നും, പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നതിന്റെ ഫലമായി എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നത് എന്നുമുള്ള കാര്യം വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: കേരളത്തിലൊട്ടാകെ 34 തോട്ടങ്ങളാണ് പൂട്ടിക്കിടക്കുന്നത്. ഇതിൽ എല്ലാ തോട്ടങ്ങളിലുമായി ഏതാണ്ട് പതിമൂവായിരത്തോളം തൊഴിലാളികൾക്ക് ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ പ്രധാനമായും തേയില വത്തോട്ടങ്ങളാണ്. തേയിലയുടെ വിലയിടിവാണ് ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന രണ്ടു മൂന്നു തോട്ടങ്ങളെ സംബന്ധിച്ച്, അത് പൂട്ടാനിടയായ സാഹചര്യം തേയിലയുടെ വിലക്കുറവു മാത്രമല്ല, മാനേജുമെന്റിന്റെ ചില പ്രശ്നങ്ങളുമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ജനപ്രതിനിധികളും തൊഴിലാളി യൂണിയനുകളുമായും മറ്റും നിരവധി കോൺഫറൻസുകൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയതിന്റെ ഫലമായി നാലഞ്ചു തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തെ ബോണക്കാട്ടിൽ സംഭവിച്ചിട്ടുള്ളത് തൊഴിലാളികളുടെ പ്രശ്നങ്ങളല്ല. മാനേജുമെന്റിന്റെ പ്രശ്നങ്ങളാണ്. അതു തുറക്കുന്നതിന് മാനേജുമെന്റിന് ഒരുപാട് കമിറ്റ്മെന്റ്സുണ്ട്. സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ധാരാളം വരുത്തിയിട്ടുണ്ട്, സെയിൽസ് ടാക്സ് ഡ്യൂസ് വരുത്തിയിട്ടുണ്ട്, ഇലക്ട്രിസിറ്റി ചാർജ്ജിൽ ധാരാളം ഡ്യൂസ് വരുത്തിയിട്ടുണ്ട്. അതൊക്കെ അടച്ചു തീർത്ത്, പുതിയ ഇൻവെസ്റ്റ്മെന്റ് നടത്തണം. അങ്ങനെ മാത്രമേ ആ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കഴിയൂ. അതിനു കഴിയാതെ വരുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. അതുപോലെതന്നെ പീരുമേട്ടിലെ തേയിലക്കമ്പനി അവരുടെ പേരിൽ കേസ്സുകളുടെ ഒരു പരമ്പരതന്നെ ഹൈക്കോടതിയിൽ കിടക്കുകയാണ്. ആ കേസ്സുകൾ തീരുന്ന മുറയ്ക്കു മാത്രമേ ഒരു ചർച്ചയ്ക്ക് സ്കോപ്പുള്ളൂ. ആർ. വി .റ്റി., എം. എം. ജെ. തുങ്ങിയ പ്ലാന്റേഷൻസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ഞാൻ ജനപ്രതിനിധികളുമായും മാനേജുമെന്റുമായും ചർച്ചകൾ നടത്തുകയുണ്ടായി. പീരുമേട് താലൂക്കിൽ മാത്രമായി അടഞ്ഞു കിടക്കുന്ന തോട്ടങ്ങളുടെ പ്രശ്നങ്ങൾ പ്രത്യേകമായി കണ്ടുകൊണ്ട്, അവരെ മാത്രമായി വിളിച്ച് ചർച്ച ചെയ്ത് അവിടെയൊരു പാക്കേജുണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്. ഇലക്ട്രിസിറ്റി ചാർജ്ജും പി. എഫ്. ഡ്യൂസും ശമ്പളക്കുടിശ്ശികയും വലിയ തുകയുണ്ട്. ഇതെല്ലാം കൊടുത്ത് ഈ തോട്ടങ്ങൾ തുറക്കുന്നതിനുള്ള സാമ്പത്തികമായ ബുദ്ധിമുട്ടുകളാണ് മാനേജുമെന്റ് ചൂണ്ടിക്കാണിക്കുന്നത്. അതു പരിഹരിക്കുന്നതിന് എന്തു ചെയ്യാൻ കഴിയും എന്നാലോചിക്കുന്നതാണ്. ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളുമായി ചർച്ച ചെയ്ത് അവർക്ക് ഇനിഷ്യൽ ഇൻവെസ്റ്റുമെന്റിന് കുറച്ചു പണം കണ്ടെത്തി കൊടുക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ, തേയിലയുടെ വിലയിടിവാണ് പ്രധാന പ്രശ്നമെന്നു പറഞ്ഞു. നമ്മുടെ ആഭ്യന്തര കമ്പോളത്തിൽ 75 മുതൽ 120 രൂപ വരെയാണ് തേയിലയുടെ വില. പക്ഷെ ഇന്നും ആഭ്യന്തര കമ്പോളത്തിൽ തേയിലയുടെ വില വർദ്ധിച്ചുതന്നെയാണ് നിൽക്കുന്നത് എന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷേ കഴിഞ്ഞ വർഷം നൽകിയ ഒരു ചോദ്യത്തിനുത്തരമായി വയനാട്ടിലെ ആസാം ബ്രൂക്ക് ബോണ്ട് കമ്പനിയും പീരുമേട്ടിലെ ഹെലിവറിയ തോട്ടവുമാണ് തുറന്നതായി പറയുന്നത്. അഞ്ചു തോട്ടങ്ങൾ തുറന്നതായി ഒരിക്കൽപോലും പറഞ്ഞിട്ടില്ല. മാത്രമല്ല പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കുവേണ്ടുള്ള പാക്കേജിന്റെ വിശദാംശം ഇതുവരെ പറഞ്ഞിട്ടില്ല. മാത്രവുമല്ല എത്ര തുകയായിട്ടാണ് ആദ്യത്തേതിൽ നിന്നും രണ്ടാമത്തെ ഘട്ടത്തിൽ വർദ്ധിപ്പിച്ചതെന്നും, ഇതിന്റെ പ്രയോജനം എത്ര തൊഴിലാളി കുടുംബങ്ങൾക്ക് ലഭിച്ചുവെന്നും വ്യക്തമാക്കേണ്ടതുണ്ട്. ആ സംശയനിവാരണം കൂടി വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: അങ്ങു പറഞ്ഞതുപോലെ ആസ്സാം ബ്രൂക്കു ബോണ്ടും ഹെലിവറിയും പാത്തൂരിന്റെ മൂന്നു പ്ലാന്റേഷൻസും വയനാട്ടിൽ തുറന്നിട്ടുണ്ട്. അതും കൂടി ചേർത്താണ് ഞാൻ അഞ്ചെണ്ണം എന്നു പറഞ്ഞത്. പാക്കേജെന്നു പറയുമ്പോൾ അവർക്ക് ചില ആശ്വാസങ്ങളാണ് കൊടുക്കാൻ കഴിയുക. ഉപയോഗിച്ച ഇലക്ട്രിസിറ്റിയുടെ ചാർജ്ജ് വലിയൊരു തുകയുണ്ട്. അതിനൊരു മൊറട്ടോറിയം ഏർപ്പെടുത്തിയിട്ട്, അതാതു മാസത്തെ തുക അടയ്ക്കുകയാണെങ്കിൽ, അവർക്ക് റീ കണക്ഷൻ കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ നമ്മൾ ഏർപ്പെടുത്തും. ബോണസ്സിന്റെ ഡ്യൂസിനും, പി. എഫിനും അതുപോലെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനും ഒരു മൊറട്ടോറിയം, കുറച്ചുകാലത്തേക്ക് സമയം കൊടുക്കാം. ഇങ്ങനെയുള്ള പാക്കേജുകളാണ് ഉള്ളത്. ഇക്കാര്യത്തിൽ ടീ ബോർഡാണ് അവരെ കാര്യമായി സഹായിക്കേണ്ടത്. പക്ഷെ ടീ ബോർഡ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ള സമീപനം നമ്മുടെ സംസ്ഥാനത്തെ തേയില തോട്ടങ്ങൾക്ക് അനുഗുണമായിട്ടല്ല എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. മറ്റൊന്ന് പറഞ്ഞത് വില നിയന്ത്രിക്കുന്ന കാര്യമാണ്. തേയില auction-ൽ ആണ് വില നിശ്ചയിക്കുന്നത്. ശ്രീ. വാജ്പേയി പ്രധാനമന്ത്രിയായിരുന്ന ഗവൺമെന്റിൽ ഈ പ്രശ്നങ്ങൾ വളരെ സജീവമായി കൊണ്ടുവന്നതിന്റെ ഫലമായി ട്രേഡിംഗ് സിസ്റ്റത്തിൽ കുറച്ചു മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു വളരെ ശരിയാണ്. Auction-ൽ 45 രൂപ 50 രൂപ വിലയ്ക്ക് തേയിലക്കുള്ളപ്പോൾ, ഇതേ തേയിലയ്ക്ക് മാർക്കറ്റിൽ നൂറുരൂപയ്ക്കു മുകളിൽ വാങ്ങുന്നു. തേയില പായ്ക്കു ചെയ്യുക എന്ന ജോലി മാത്രമാണ് ഇതിനിടയ്ക്ക് ട്രേഡേഴ്സ് ചെയ്യുന്നത്. വില നിയന്ത്രിക്കുന്നതും ഇതിന്റെ കൺട്രോളും ട്രേഡേഴ്സിന്റെ കയ്യിലാണ്. സംസ്ഥാന ഗവൺമെന്റിനു മാത്രമായി ഇതിൽ ഇന്റർഫിയർ ചെയ്യാൻ പറ്റില്ല. പീരുമേട്ടിലെ കാര്യം പറഞ്ഞു. പീരുമേട്ടിൽ മാത്രമാണ് തേയില അടിഞ്ഞു കിടക്കുന്നത്. ഡിസ്ട്രസ്സുള്ള തോട്ടങ്ങളിലെ തേയില സിവിൽ സപ്ലൈസ് കേർപ്പറേഷനെക്കൊണ്ട് നേരിട്ടു വാങ്ങിപ്പിക്കാൻ കഴിയുമോ എന്നാണ് ഇപ്പോൾ പരിശോധിക്കുന്നത്. ഡിസ്ട്രസ്സുള്ള തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തേയില ഒരു നിശ്ചിത വിലയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനുവാങ്ങാൻ കഴിഞ്ഞാൽ തേയിലയുടെ വില ഉയർത്തികൊണ്ടുവരാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു. ആ നിലയിലുള്ള ഇന്റർഫിയറൻസിനു ഞങ്ങൾ ശ്രമിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: 2003-2004-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പരമ്പരാഗത വ്യവസായ സഹായ നിധി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്നും പരമ്പരാഗത വ്യവസായങ്ങളുടെ സമഗ്രമായ പുനരുജ്ജീവനത്തിനുവേണ്ടി ഈ ഫണ്ട് വിനിയോഗിക്കുന്നതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമം, പുതിയ സാങ്കേതിക വിദ്യ എന്നീ ആവശ്യങ്ങൾക്കുവേണ്ടി ഈ ഫണ്ട് വിനിയോഗിക്കുമെന്നും പറഞ്ഞു. 500 കോടി രൂപയാണ് ഇതിൽ പ്രതീക്ഷിച്ചത്. 50 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തന്നിട്ടുള്ള ഉത്തരത്തിനകത്ത് ഗവൺമെന്റ് നിലപാട് എന്താണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്രകാരം പ്രഖ്യാപിച്ച ഈ പദ്ധതിയുടെ ഇപ്പോഴത്തെ നില എന്താണെന്നും ഇതിനോടുള്ള ഗവൺമെന്റിന്റെ സമീപനമെന്താണെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. 2004-ലെ ബഡ്ജറ്റിൽ അങ്ങനെയൊരു ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയിരുന്നു. എല്ലാ വർഷവും ഓണക്കാലമാകുമ്പോൾ, ചില പ്രത്യേക സീസൺ ആകുമ്പോൾ, ഡിസ്ട്രസ്സുള്ള സ്ഥാപനങ്ങൾക്ക്, അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആയിരം രൂപവച്ച് കൊടുക്കുന്നുണ്ട്. കശുവണ്ടി തൊഴിലാളികൾക്ക് കഴിഞ്ഞതവണ 500 രൂപ വീതം കൊടുത്തു. കയർ തൊഴിലാളികൾക്ക് 200 രൂപവച്ചു കൊടുത്തു. കഴിഞ്ഞ വർഷം മാത്രം ഇപ്രകാരം രണ്ടരക്കോടി രൂപ കൊടുത്തിട്ടുണ്ട്. ഓരോ വർഷവും ഇങ്ങനെ ആവർത്തനച്ചെലവായി വരുന്നതിന് പ്രത്യേകമായ സോഴ്സൊന്നുമില്ല. ഇതിനൊരു ഫണ്ട് രൂപീകരിച്ച്, ഡിസ്ട്രസ്സുള്ള ഫാക്ടറികളിലെ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി, ഒരു ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടിയാണ് ശ്രമം നടത്തിയത്. പക്ഷേ സാമ്പത്തിക പരിമിതിമൂലം കഴിഞ്ഞ തവണ ബഡ്ജറ്റിൽ പണം വകയിരുത്താൻ കഴിഞ്ഞിട്ടില്ല. അതിനു പ്രത്യേകമായി ഫണ്ട് ലഭിച്ചില്ല എങ്കിലും രണ്ടേകാൽ കോടി രൂപ ഈ പറഞ്ഞ ഒരു കാര്യത്തിനായിട്ട് ബഡ്ജറ്റിൽ നിന്നു തന്നെ നല്കിയിട്ടുണ്ട്. 500 കോടി രൂപയുടെ ഒരു ഫണ്ട് ഉണ്ടാക്കുന്നതിനെ കുറിച്ച് പറഞ്ഞുവെന്നല്ലാതെ 500 കോടി രൂപ നീക്കിവയ്ക്കുമെന്നല്ല പറഞ്ഞത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ് തൊഴിൽ മേഖല. ആ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന, ലക്ഷക്കണക്കിനു വരുന്ന തൊഴിലാളികുടുംബങ്ങളോട് അനീതിയാണ് കാണിക്കുന്നത്. എന്റെ രണ്ടാമത്തെ ചോദ്യം, കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് ഉൽപ്പാദന മേഖല. ഉൽപ്പാദന മേഖലയിൽ നിക്ഷേപം കുറച്ചത് പരമ്പരാഗത മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ നിക്ഷേപത്തിനും തൊഴിൽ വീണ്ടെടുക്കുന്നതിനും ഓരോ മേഖലയ്ക്കും ആശ്വാസം നൽകുന്നതിനുമുള്ള എന്തു പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബുദിവാകരൻ: പരമ്പരാഗത വ്യവസായ മേഖലയാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. കേരളത്തിലെ 25 ലക്ഷം, 30 ലക്ഷം തൊഴിലാളികൾ അവരുടെ ഉപജീവനത്തിനുവേണ്ടി ആശ്രയിക്കുന്ന ഒരു മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. ആ മേഖലയിലെ പ്രശ്നങ്ങൾ ഈ ഗവൺമെന്റ് വളരെ വ്യക്തമായി മനസ്സിലാക്കുന്നു. അതു പരിഹരിക്കുന്നതിന് സ്ഥായിയായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മയെന്ന കയർ മേഖലയിലെ ഒരു പുനരുദ്ധാരണ പദ്ധതിക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. എസ്. എച്ച്. ഗ്രൂപ്പുകളടക്കം, കയർ മേഖലയിലെ പ്രവർത്തനങ്ങൾമൂലം ഇന്ന് അതിന്റെ സ്ഥിതി വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ഇനി സൊസൈറ്റികളുടെ പ്രവർത്തനങ്ങളിലാണ് കുറച്ചു മാറ്റം വരുത്താനുള്ളത്. മറ്റു മേഖലകളുടെ കാര്യത്തിൽ, കേന്ദ്രത്തിൽ അധികാരത്തിൽ വന്നിട്ടുള്ള യു. പി. എ. ഗവൺമെന്റ്, പരമ്പരാഗത വ്യവസായങ്ങളെ പ്രത്യേക ട്രസ്റ്റ് ഏതിയ ആയി കണ്ടുകൊണ്ട്,

അവിടെ ആവശ്യമായ പദ്ധതികൾ സമർപ്പിക്കുന്നതിനാവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് പരമ്പരാഗത വ്യവസായ മേഖലകളിലെ കയർ, കശുവണ്ടി, കൈത്തറി, ഓട്, പനമ്പ് തുടങ്ങിയ ഓരോ മേഖലകൾക്കും പ്രത്യേകം പ്രത്യേകം ആശ്വാസ പുനർ വിതരണ പദ്ധതികൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചു കൊണ്ടിരിക്കുകയാണ്. കയറിന്റേതു സമർപ്പിച്ചു കഴിഞ്ഞു, കശുവണ്ടിയുടെയും കൈത്തറിയുടെയും പദ്ധതികൾ ഇപ്പോൾ പ്രോസസ്സിലാണ്. പുതിയ ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഭാഗമായി അതിന് കൂടുതൽ സഹായം ലഭിക്കുമെന്നു തന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഓട് വ്യവസായ രംഗത്തെ പ്രതിസന്ധിയുടെ ഭാഗമായി തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. അതുകൊണ്ട് ഈ മംഗത്തുള്ള തൊഴിലാളികൾക്ക് എന്തെങ്കിലും സമാശ്വാസ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ, എന്തെങ്കിലും സമാശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഓട് വ്യവസായ രംഗത്തെ പ്രതിസന്ധിയെക്കുറിച്ച് അങ്ങേയ്ക്കും അറിയാവുന്നതാണ്. ഈ വ്യവസായം കേരളത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. ഇതിന് രണ്ട് കാരണങ്ങളാണുള്ളത്. ഒന്ന് ഓടിന്റെ ഉപയോഗം കേരളത്തിൽ കുറഞ്ഞു. രണ്ടാമത്തെത് ചെളിയുടെ ലഭ്യതക്കുറവാണ്. അതുപോലെ ഈ വ്യവസായം തമിഴ്നാട്ടിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലാണ് ഓട് കൂടുതലായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ നിർമ്മാണ രീതിയിൽ വന്ന മാറ്റംമൂലം ഈ വ്യവസായത്തിന് കൂടുതൽ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ബീഡി വ്യവസായരംഗത്തെ തൊഴിലാളികളുടെ പുനരധിവാസത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടി ശ്രീ. സുരജ്, ഐ. എ. എസ്. ചെയർമാനായിട്ടുള്ള ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ? ബീഡിത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെട്ട് പ്രതിസന്ധിയുണ്ടായ സന്ദർഭത്തിൽ അത്തരം തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി എന്തെങ്കിലും നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: സർ, ബീഡി വ്യവസായ രംഗം വളരെ രൂക്ഷമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പുകവലി കുറഞ്ഞു. ബീഡിയുടെ ഉപയോഗവും കുറഞ്ഞു. അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ബീഡി കയറ്റി അയച്ചാണ് ഇപ്പോൾ ഈ വ്യവസായത്തെ നിലനിർത്തിയിരിക്കുന്നത്. അവിടെയും ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സെസ്സും കേരളത്തിലെ ലേബർ വെൽഫെയർ ഫണ്ടിന്റെ സെസ്സും എല്ലാംകൂടി അടയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ അവിടെയും പ്രശ്നങ്ങൾ ഉയർന്നിട്ടുണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടിയാണ് ശ്രീ. സൂരജ് ചെയർമാൻ ആയിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എങ്കിലും അവരുടെ ഇടക്കാല ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഗവൺമെൻറ് അതിൻമേൽ നടപടി സ്വീകരിക്കും.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തെ ആഗോള പ്രശസ്തിയിലേയ്ക്ക് ഉയർത്തിയ ഉൽപ്പന്നങ്ങളാണ് മത്സ്യം, കൈത്തറി, കശുവണ്ടി. ഈ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് ഗുരുതരമായ പ്രതിസന്ധി നേരിടുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി പാക്കേജുകളും അതുപോലെ നിരവധി പദ്ധതികളും പ്രഖ്യാപിച്ചുവെന്ന് മന്ത്രിയുടെ മറുപടിയിൽത്തന്നെ പറയുന്നുണ്ട്. 2003-2004-സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കോടിക്കണക്കിന് രൂപ നീക്കിവയ്ക്കും അത് ചെയ്യും ഇത് ചെയ്യുമെന്നൊക്കെ പറഞ്ഞിരുന്നു. ഇപ്പോൾ ഒന്നുമില്ല എന്നാണ് മന്ത്രി പറഞ്ഞത്. ഒന്നുമില്ല എന്നതിനുപകരം എന്തെങ്കിലും ഉണ്ടെന്നുള്ള മറുപടി പറയാൻ മന്ത്രിക്ക് കഴിയുമോ?

ശ്രീ. ബാബു ദിവാകരൻ: ഞാൻ ഇത്-കൃത്യമായിട്ട് പറഞ്ഞു. പൂട്ടിക്കിടക്കുന്ന സ്ഥാപനത്തിലെ തൊഴിലാളികളെ ഉദ്ദേശിച്ചുകൊണ്ടാണ് ഒരു ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിച്ചത്. അതുകൊണ്ടാണ് കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ അങ്ങനെയൊരു പദ്ധതിക്ക് രൂപം കൊടുത്തിരുന്നത്. എന്നാൽ സാമ്പത്തിക ഞെരുക്കം കാരണം അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശ്രീ. വി ചെന്താമരാക്ഷൻ : ഗുരുതരമായ പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുന്ന മറ്റൊരു ജനവിഭാഗമാണ് ബീഡിത്തൊഴിലാളികൾ. അവർക്കിന്ന് തൊഴിൽ ഇല്ല. ആലത്തൂർ കേരളത്തിലെ ഒരു ബീഡി വ്യവസായ കേന്ദ്രമാണ്. കേരളത്തിൽ വ്യാപകമായി വിതരണം ചെയ്ത പ്രശസ്തമായ നിരവധി ബീഡി കമ്പനികൾ പ്രവർത്തിച്ച ഒരു കേന്ദ്രമാണ് ആലത്തൂർ. ആയിരക്കണക്കിന് തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്തിട്ടുണ്ട്. എന്നാൽ ഇവർക്കൊന്നും ഇപ്പോൾ ഒരു തൊഴിലുമില്ല. അവർ ആകെ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ഈ വ്യവസായം നേരിടുന്ന പ്രതിസന്ധിയെ കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. ബീഡിയുടെ ഉപയോഗം കുറഞ്ഞു, അതുകൊണ്ട് ഉൽപ്പാദനവും അതിനനുസരിച്ചായ നിലയിൽ തൊഴിലവസരങ്ങളും കുറയുന്നുണ്ട്. ഇപ്പോൾ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തുനിന്നും ബീഡി കയറ്റി അയച്ചു കൊണ്ടിരിക്കുകയാണ്. അവിടെയും കൂലിയുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ തൊഴിലുടമകൾ ഉയർത്തുന്നുണ്ട്. അതുകൂടി പരിഹരിച്ചാൽ കുറെക്കൂടി തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. അതുകൊണ്ട് ഞങ്ങൾ ഈ രംഗത്തെ ബീഡി വ്യവസായ സമിതിയുമായി ആ കാര്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. തൊഴിലവസരങ്ങൾ നിലനിർത്തുന്നതിന് സഹായകരമായ നിലപാട് യൂണിയനുകൾ സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള: സർ, പരമ്പരാഗത വ്യവസായങ്ങളിൽ വളരെ സുപ്രധാനപ്പെട്ട വ്യവസായമാണ് തോട്ടം മേഖല. തോട്ടം മേഖലയിലെ കാപ്പിത്തോട്ടങ്ങളും തേയിലത്തോട്ടങ്ങളുമൊക്കെ വളരെ പ്രതിസന്ധിയിലാണ്. എന്നാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി കുറച്ച് വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇലക്ട്രിസിറ്റി, എക്സൈസ് ഡ്യൂട്ടി, സെയിൽസ് ടാക്സ് ഇതിന്റെ കുടിശ്ശികകൾ തീർത്ത് മാനേജുമെന്റിന് ഫാക്ടറികൾ തുറപ്പിക്കുകയെന്നത് ബുദ്ധിമുട്ടാണ്. അപ്പോൾ അങ്ങനെ വരുന്ന സാഹചര്യത്തിൽ തമിഴ്നാട് ഗവൺമെന്റ് ചെയ്തതുപോലെ തോട്ടം മേഖല രക്ഷപ്പെടുത്തുന്നതിനുവേണ്ടി തൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടി ഒരു കോർപ്പറേഷൻ രൂപീകരിച്ചാൽ അത് ഗവൺമെന്റിന്റെ കൺട്രോളിൽ വരും. ഈ കുടിശ്ശികകൾ അടയ്ക്കാൻ സാവകാശം കിട്ടുകയും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാൻ കഴിയുകയും ചെയ്യും. അതുകൊണ്ട് തമിഴ്നാട് മോഡലിൽ നമ്മുടെ തോട്ടം മേഖലയെ രക്ഷിക്കാനുള്ള നീക്കം ഗവൺമെന്റ് ഭാഗത്തുനിന്ന് നടത്തിക്കൂടേ? അടിയന്തിരമായി അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. കുടിശ്ശിക മുഴുവനുംകൂടി ഒരുമിച്ച് കൊടുത്ത് തോട്ടം തുറക്കുന്നതിന് സാധ്യമല്ല. അതുകൊണ്ട് അതിന് മോറട്ടോറിയം, അതിനുള്ള ഇൻസ്റ്റാൾമെന്റ് ഇതൊക്കെ കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇലക്ട്രിസിറ്റി ഡ്യൂസ്തന്നെ ഇതുവരെയുള്ളത് നിൽക്കട്ടെ; കറന്റായിട്ടുള്ളത് കൊടുത്താൽമതി, ബാക്കിയുള്ളതിന് ഇൻസ്റ്റാൾമെന്റ് കൊടുക്കാം. പി. എഫ്. ഡ്യൂസിന് പ്രോവിഡന്റ് ഫണ്ട് കമ്മീഷണറുമായി ചർച്ചചെയ്ത് അതിനും ഇൻസ്റ്റാൾമെന്റ് വളരെ ലഘുവായ തവണകളായി അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാമെന്ന് പറഞ്ഞു. എന്നാലും ഒരു ഇനിഷ്യൽ ഇൻവെസ്റ്റ്മെന്റ് ഇല്ലാതെ അത് തുടങ്ങില്ല. തമിഴ്നാട്ടിൽ ഉണ്ടാക്കിയിരിക്കുന്നത് എന്താണെന്നുവച്ചാൽ ഒരു കോർപ്പറേഷൻ ഉണ്ടാക്കി തേയിലയൊക്കെ അവർതന്നെ വാങ്ങിച്ച് അവർതന്നെ മാർക്കറ്റ് ചെയ്യുന്ന ഒരു സംവിധാനമാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ തേയിലയുമെടുത്ത് മാർക്കറ്റ് ചെയ്യണമെന്നുവച്ചാൽ അതിന്റെ മുഴുവൻ ബാദ്ധ്യതകളും ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് തുല്യമായിരിക്കും. അങ്ങനെ ഏറ്റെടുക്കാൻ ഗവൺമെന്റിന് ഇപ്പോഴത്തെ സാഹചര്യത്തിൽ കഴിയുന്നില്ല എന്നുള്ളതുകൊണ്ട് പീരുമേട് താലൂക്കിലെ ഡിസ്ട്രസ്സിലുള്ള തോട്ടങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 60 ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലയിൽ അതായത് കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, കരകൗശലം, ഖാദിഗ്രാമവ്യവസായങ്ങൾ, ബീഡി വ്യവസായം തുടങ്ങിയ മേഖലയിലുള്ള തൊഴിലാളികളെയെല്ലാം പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഒരു സമഗ്രമായ പദ്ധതിയാണ് 2003-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായ സഹായ നിധി എന്ന പേരിൽ പ്രഖ്യാപിച്ചത്. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് 500 കോടി രൂപയുടെ പദ്ധതി നടപ്പാക്കും. ഇതിനുവേണ്ടി ഈ

ഫണ്ടിന്റെ കോർപ്പസ് ചുരുങ്ങിയത് 50 കോടി രൂപയായിരിക്കും എന്നാണ്. 2003-2004-ലെ ആദ്യവർഷം സഹായധനമായി 50 കോടി രൂപ ഇതിനായി വകയിരുത്തിയെന്ന് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പ്രസ്താവിച്ചു. 50 കോടി രൂപ 2003-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ട് മന്ത്രി നേരത്തെപറഞ്ഞത് അഞ്ച് കോടി രൂപ മാത്രമേ കൊടുത്തിട്ടുള്ളുവെന്നാണ്. 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ട് 5 കോടി രൂപമാത്രം കിട്ടിയാൽ ബാക്കി 45 കോടി രൂപ ആര് കൊണ്ടുപോയി. കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ ഒന്നുമില്ലായെന്ന് മന്ത്രി പറഞ്ഞു. അത് പൊട്ടെ. പരമ്പരാഗത വ്യവസായത്തിനുവേണ്ടി നീക്കിവച്ച 50 കോടി രൂപയിൽ 45 കോടി രൂപ ശ്രീ. കെ. ശങ്കരനാരായണൻ കൊണ്ടുപോയോ അല്ലാ ശ്രീ. വക്കം പുരുഷോത്തമൻ കൊണ്ടുപോയോ എന്നുള്ളത് മന്ത്രി വ്യക്തമാക്കണം.

<u>ശ്രീ. ബാബു ദിവാകരൻ:</u> ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക മിസ്യൂസ് ചെയ്യുകയില്ലെന്നുള്ള കാര്യം എല്ലാവർക്കും അറിയാം. ശ്രീ. കോടിയേരി ബാലകൃഷ്ണനും അറിയാം. പക്ഷെ നിങ്ങൾ ഒരു കാര്യമോർക്കണം. മുൻപൊരിക്കലും ചെയ്തിട്ടില്ലാത്ത നിലയിൽ ആ വർഷം ഏഴരക്കോടി രൂപ ഇതിനുവേണ്ടി നീക്കിവച്ചു. നിങ്ങൾ ഭരിക്കുന്ന കാലത്ത് പരമ്പരാഗത വ്യവസായത്തിന് ഒരു കോടി രൂപപോലും വകയിരുത്തിയിട്ടില്ലാത്ത സ്ഥാനത്ത് ഏഴരക്കോടി രൂപയാണ് കൊടുത്തത്. ഞാൻ പറഞ്ഞത് ബിസിനസ്സിലുള്ള തൊഴിലാളികൾക്ക് ആശ്വാസം കൊടുക്കുന്ന കാര്യമാണ്. പുനരുദ്ധാരണ പദ്ധതിക്കാണ് 500 കോടി രൂപ. ആശ്വാസ നടപടികൾ വേറെയാണ്. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ആ രണ്ടും തമ്മിലുള്ള വ്യത്യാസം മറച്ചുവച്ചുകൊണ്ട് 50 കോടി രൂപ നീക്കിയെന്ന് പറഞ്ഞു. അതിൽ പറഞ്ഞിരിക്കുന്നത് സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ലാഭത്തിൽ നടക്കുന്ന മറ്റ് സ്ഥാപനങ്ങൾ ഇതിൽനിന്നെല്ലാം കോൺട്രിബ്യൂഷൻ സ്വീകരിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. സർക്കാർ 50 കോടി രൂപ കൊടുക്കുമെന്നല്ല പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ നീക്കിവയ്ക്കുമെന്ന് പറഞ്ഞിട്ട് മന്ത്രി ഇവിടെ പറഞ്ഞത് അഞ്ച് കോടി രൂപ കിട്ടിയെന്നാണ്.

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി <u>(ശ്രീ. വക്കം പുരുഷോത്തമൻ):</u> ഇക്കാര്യം പരിശോധിക്കാം. ഏതായാലും 5 കോടി രൂപ മാത്രമല്ല, ബഡ്ജറ്റിൽ ഒന്നുമില്ലാതിരുന്ന കശുവണ്ടിക്ക് ഏതാണ്ട് 107 കോടി രൂപയോളം കൊടുത്തിട്ടുണ്ട്. അതുപോലെ ഇപ്പോൾ കയറിന് പുതിയ ഒരു സ്കീം കൊണ്ടുവന്നിട്ടുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കയറിന് 50 കോടി രൂപയോളം കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി നടപടികൾ സ്വീകരിക്കണമെന്ന് നിർബന്ധമുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: പരമ്പരാഗത വ്യവസായങ്ങളിൽപ്പെട്ട ഒന്നാണ് ബാംബു ഇൻഡസ്ട്രി. കേരള സംസ്ഥാന ബാംബു കോർപ്പറേഷനു കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈറ്റ ലഭ്യമാകാത്തതുമൂലം തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ഈറ്റ ലഭ്യമാകാത്ത സാഹചര്യം ഉണ്ടായത് മാനേജ്മെന്റ് പനവ് വിറ്റഴിക്കപ്പെടുന്നില്ല, ഡിപ്പോകളിൽ എത്തിക്കുന്നില്ല. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ അവർക്ക് സമാശ്വാസ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഈറ്റ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടപ്പോൾ അതുമായി ബന്ധപ്പെട്ട എല്ലാപേരെയും വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ഈറ്റ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ഇപ്പോൾ ലഭ്യമാക്കിക്കൊണ്ടിരിക്കുകയുമാണ്. ദുരിതാശ്വാസ നപേടികളുടെ ഭാഗമായി സൗജന്യ റേഷൻ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ ഈറ്റ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 34 തോട്ടങ്ങളിലായി പതിമൂവായിരത്തോളം തൊഴിലാളികൾ കഴിഞ്ഞ നാലുമുക്കാൽ വർഷമായി പട്ടിണി കിടക്കുകയാണ്. അങ്ങ് അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികളുടെ എണ്ണം പറഞ്ഞത് ശരിയല്ല. ചില തോട്ടങ്ങൾ ഇടയ്ക്ക് തുറക്കുകയും പിന്നെ അടയ്ക്കുകയും ചെയ്തു. 42 തോട്ടങ്ങളിലായി ഏതാണ്ട് 20,000-ലേറെ തൊഴിലാളികൾ സ്ഥിരമായി തോട്ടം അടഞ്ഞുകിടക്കുന്നതിന്റെ ഫലമായി പട്ടിണിയിലാണ്. അവർക്ക് സ്റ്റാറ്റ്യൂട്ടറിയായിട്ട് കിട്ടേണ്ട ഗ്രാറ്റ്വുറ്റി, പി. എഫ്. എല്ലാം കൂടിശ്ശികയാണ്. പി. എഫ്-ൽ മാത്രം ഏതാണ്ട് 21 കോടി രൂപയിൽ പിലാനം കൂടിശ്ശികയാണ്. ഇത്രയും ഭീമമായ സംഖ്യ കൂടിശ്ശിക വയ്ക്കുകയും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുകയും തോട്ടങ്ങൾ മാസങ്ങളും വർഷങ്ങളുമായി അടച്ചുപൂട്ടിക്കിടക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പാക്കേജുകൾ പ്രഖ്യാപിച്ചതല്ലാതെ അവർക്ക് ആനുകൂല്യങ്ങളൊന്നും കിട്ടിയിട്ടില്ല. ബഡ്ജറ്റിൽ പറഞ്ഞ തട്ടിപ്പുകൾ ഇവിടെ വെളിവായി. തോട്ടം തൊഴിലാളികളെ സംരക്ഷിക്കാനും സഹായിക്കാനുമായി താൽക്കാലികമായിട്ടെങ്കിലും തോട്ടങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ ചർച്ച അല്ലാതെ ഗവൺമെന്റ് എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് എല്ലാം സർക്കാർ ഏറ്റെടുക്കണമെന്നാണോ പറയുന്നത്? മാനേജ്മെന്റ് കൊടുക്കേണ്ട പി. എഫ്. ഡ്യൂസ്, ഇലക്ട്രിസിറ്റി ഡ്യൂസ്, ഇ. എസ്. ഐ. എന്നിവ കൊടുക്കാതിരിക്കുമ്പോൾ അതെല്ലാം ഗവൺമെന്റ് ഏറ്റെടുത്ത് ചെയ്യണമെന്ന് പറയുന്നത് നടപ്പിലാകുന്ന കാര്യമാണോ? ഓരോരോ വഴിച്ച് അറ്റാച്ച്മെന്റുകളുടെയും പേരിൽ പ്രോസിക്യൂഷൻ നടപടികളുണ്ട്. ഒരു തൊഴിലാളിക്ക് ഒരു ആഴ്ചയിൽ അഞ്ചുകിലോ വീതം സൗജന്യ റേഷൻ മൂന്നര വർഷമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. എല്ലാ തോട്ടം തൊഴിലാളികൾക്കും ഓണക്കാലത്ത് ആയിരം രൂപ വീതം നൽകി. തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ വിദ്യാഭ്യാസത്തിനുള്ള മുഴുവൻ ചെലവും ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. രണ്ട് സെറ്റ് യൂണിഫോം കൊടുക്കുന്നുണ്ട്. പത്താംക്ലാസ്

വരെ ഉച്ചഭക്ഷണം കൊടുക്കുന്നുണ്ട്. ഇതിനോടകംതന്നെ തോട്ടം മേഖലയിൽ 1200-ഓളം മെഡിക്കൽ ക്യാമ്പുകൾ നടത്തി. ആ മേഖലയിൽമാത്രമായി ഒരു മൊബൈൽ വാൻ ഉണ്ട്. ഈ ക്യാമ്പുകളിൽ മരുന്നുകൾ വാങ്ങിച്ചു കൊടുത്ത ഇനത്തിൽ 35 ലക്ഷം രൂപയോളം ചെലവാക്കിയിട്ടുണ്ട്. ഇതുപോലെ ഡിസ്ട്രസ്സുള്ള തോട്ടങ്ങൾ മറ്റ് സംസ്ഥാനങ്ങളിലുമുണ്ട്. ഇതിനെപ്പറ്റി പഠിക്കാൻ എം. പി. മാരുടെ കമ്മിറ്റി കേരളത്തിൽ വന്നപ്പോൾ കേരളം ചെയ്യുന്നതുപോലെ മറ്റൊരു സംസ്ഥാനവും ചെയ്യുന്നില്ലായെന്നാണ് പറഞ്ഞത്. കഷ്ടത അനുഭവിക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി തമിഴ്നാട്, ആന്ധ്രാ, ആന്ധ്ര, പശ്ചിമബംഗാൾ ഗവൺമെന്റുകൾ ഒന്നും ചെയ്തിട്ടില്ലായെന്ന് എം. പി. മാരുടെ കമ്മിറ്റി നേരിട്ട് പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: തൊഴിൽ രഹിതരായ യുവാക്കൾക്കുവേണ്ടി ഇന്ന് തൊഴിലില്ലായ്മാ വേതനം നൽകുന്നുണ്ട്. അതേ അവസരത്തിൽ പതിനഞ്ചും ഇരുപതും വർഷം ജോലി ചെയ്ത തൊഴിൽ രഹിതരായ കുടുംബനാഥൻമാർക്ക് ഇന്ന് ഒരു സ്കീമും ഇല്ല. അതുകൊണ്ട് പരമ്പരാഗത വ്യവസായത്തിൽപ്പെട്ട തൊഴിലില്ലാതെ അലഞ്ഞുനടക്കുന്ന കുടുംബനാഥന്മാരായിട്ടുള്ള ആളുകൾക്ക് വേണ്ടി ഒരു പ്രത്യേക സ്കീം കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. ബാബു ദിവാകരൻ: ഡിസ്ട്രസ്സിലുള്ള തൊഴിലാളികളുടെ റിലീഫ് ഫണ്ടിനെ കുറിച്ചാണ് ചർച്ച ചെയ്തത്. കേന്ദ്രഗവൺമെന്റ് ഇ. എസ്. ഐ. സ്കീമിലുള്ള ജോലിയില്ലാത്ത തൊഴിലാളികൾക്ക് സമാശ്വാസ ധനം കൊടുക്കുന്ന സംവിധാനമുണ്ട്. അതിന്റെ പ്രയോജനം ആ മേഖലയിലെ തൊഴിലാളികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: തോട്ടം മേഖലയിലെ പ്രതിസന്ധി എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പരിഹരിച്ചത് ആ രംഗത്തെ സഹകരണ സംഘങ്ങളെ സംരക്ഷിച്ചുകൊണ്ടാണ്. അങ്ങനെയുള്ള കാഴ്ചപ്പാട് യു. ഡി. എഫ്. ഗവൺമെന്റിനില്ല. അനധികൃത ചാരായവും വിദേശ മദ്യത്തിന്റെ ഒഴുക്കും കാരണം കള്ളു വ്യവസായം ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. കള്ളുവ്യവസായത്തെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ബാബു ദിവാകരൻ: കള്ള് കൂടുതൽ കുടിക്കാൻ പ്രോത്സാഹിപ്പിച്ചാൽ മാത്രമേ കള്ളു വ്യവസായത്തെ സംരക്ഷിക്കാൻ പറ്റുകയുള്ളൂ. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഒറ്റ കള്ളു ഷോപ്പുകൾപോലും നേരെ പ്രവർത്തിക്കുന്നില്ല. കള്ളു വ്യവസായത്തിലെ പ്രതിസന്ധിയെക്കുറിച്ച് കെ. പി. ഉദയഭാനുകമ്മീഷൻ നൽകിയ റിപ്പോർട്ട് വളരെ വിശദമായി പരിശോധിച്ച നടപടികൾ സ്വീകരിച്ചു വരികയാണ്. രണ്ട് ലക്ഷത്തോളം പേർ തൊഴിലെടുത്തിരുന്ന ഈ മേഖലയിൽ ഇപ്പോൾ വെറും 35,000 തൊഴിലാളികൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ചെത്ത് തൊഴിലാളികൾ ഇല്ലാതെ പല ഷോപ്പുകളും ആ മേഖലയിലെ ട്രേഡ് യൂണിയനുകൾ നടത്തുന്നുണ്ട്. ചെത്തു വ്യവസായത്തെയും ഈ മേഖലയിലെ തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്ജ്: ഓടു വ്യവസായത്തിന്റെ തകർച്ചയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇറിങ്ങേ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം യാഥാർത്ഥ്യം തുറന്നു പറഞ്ഞു. തൃശ്ശൂർ ജില്ലയിൽമാത്രം ഏതാണ്ട് 9,000 പേർ തൊഴിൽരഹിതരായി. മൂന്നി ലൊന്ന് ഓട് കമ്പനികൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. ഓട് കമ്പനികൾ പ്രവർത്തനക്ഷമമാക്കാൻ റാമെറ്റീരിയൽസ് വേണം. അതിനുവേണ്ടി അഡ്വീഷണൽ ലേബർ കമ്മീഷണർ രണ്ടു പ്രാവശ്യവും മുഖ്യമന്ത്രി നേരിട്ടും രണ്ട് കോൺഫറൻസുകൾ വിളിച്ചു. അതിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാനും തൊഴിൽരഹിതരെ മറ്റു പരിധിവരെ സഹായിക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: റാമെറ്റീരിയൽസിന്റെ പ്രശ്നമുണ്ട്. പരിസ്ഥിതി, ലാൻഡ് യൂട്ടിലൈസേഷൻ പ്രശ്നങ്ങളുമുണ്ട്. ആവശ്യമായ ചെളി കിട്ടുന്നില്ലായെന്നുള്ളതാണ് തൃശ്ശൂരിലെ ഓട് വ്യവസായത്തെ സംബന്ധിച്ച പ്രധാന പ്രതിസന്ധി. കിട്ടാവുന്ന എല്ലാ നിലകളിലും അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിക്കാനുള്ള നടപടികളാണ് കോൺഫറൻസിൽ സ്വീകരിച്ചത്. അതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സാജു പോൾ: സർ, കേരളത്തിൽ കൈത്തൊഴിലുകളുടെ കാര്യത്തിലും കുലത്തൊഴിലുകളുടെ കാര്യത്തിലും പ്രത്യേകിച്ച് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പരമ്പരാഗത വ്യവസായരംഗത്ത് സർവ്വകാല സ്പർശിയായ, നാശം വിതച്ച ഗവൺമെന്റ് വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിലാളികളായി പ്രഖ്യാപിച്ചിരുന്നു. ഈ ഉത്തരവ് വഴി വിശ്വകർമ്മ സമുദായത്തിന് എന്തൊക്കെ ഗുണഫലങ്ങളാണ് ലഭിച്ചത് എന്നും ഈ പ്രഖ്യാപനത്തിനുമുമ്പ് ഇല്ലാതിരുന്ന എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: വിശ്വകർമ്മ സമുദായം പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്ന ഒരു സമുദായം എന്നാണ് പ്രഖ്യാപിച്ചിരുന്നത്. അവർക്ക് അതിന്റെതായ ആനുകൂല്യങ്ങൾ വേറെ ലഭിക്കും. അവർക്ക് പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സമുദായം എന്ന നിലയ്ക്ക് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അടക്കമുള്ള ചില പ്രയോജനങ്ങൾ ലഭിക്കും.

ശ്രീ. സി. പി. മുഹമ്മദ്: പരമ്പരാഗതമായി അംഗീകരിച്ച ഒരു കരകൗശല വ്യവസായമാണ് മൺപാത്ര വ്യവസായം. മലബാറിൽ കുമ്പാരന്മാർ എന്നറിയപ്പെടുന്ന ഒരു സമുദായമാണ് ഇത് ചെയ്തുവരുന്നത്. മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഈ സമുദായക്കാർ ധാരാളമുണ്ട്. മൺപാത്ര നിർമ്മാണം ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ എസ്. സി./എസ്. ടി. വിഭാഗത്തിൽ പെടുകയില്ല. ഭൂരിഭാഗം പേരും പട്ടിണിയിലാണ്. ഈ സമുദായത്തെ രക്ഷിക്കാൻ ഗവൺമെന്റ് കാര്യമായി ഒന്നും ചെയ്തിട്ടില്ല. ഇവരെ രക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഒന്നാമത്തെ കാര്യം തന്നെ ഇപ്പോൾ മൺപാത്രങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ വളരെ കുറവാണ്. അതിന്റെ മാർക്കറ്റിംഗ് കുറഞ്ഞു. നാചുറൽ പ്രൊഡക്ടിന് വീണ്ടും പുതിയ ഒരു ഉണർവ് ലോകത്തെമ്പാടും വന്നിട്ടുണ്ട്. ഇപ്പോൾ വൻകിട ഹോട്ടലുകളെല്ലാംതന്നെ പ്ലാസ്റ്റിക്ക് പൂർണ്ണമായും ഒഴിവാക്കി മൺപാത്രങ്ങളിലേയ്ക്ക് വരുന്ന ഘട്ടം എത്തിയിട്ടുണ്ട്. ആ മേഖലയിലെ പൊതുവായ സ്ഥിതി പരിശോധിച്ച് നൂതനമായ മാർഗ്ഗത്തിലൂടെ അവരെ സഹായിക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. എ. എ. അസീസ്: സർ, ലക്ഷക്കണക്കിന് വരുന്ന പരമ്പരാഗത വ്യവസായ തൊഴിലാളികളുണ്ട്. അതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ ഉണ്ട്. അതിൽ തൊഴിൽരഹിതരായവരെ തിട്ടപ്പെടുത്തിയിട്ടുണ്ടോ; അങ്ങനെ തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർക്ക് ഒരു ആൾട്ടർനേറ്റീവ് എംപ്ലോയ്മെന്റ് സ്കീം നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: പരമ്പരാഗത മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് തഴെയുള്ള തൊഴിലാളികളുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. അവർക്ക് കൃത്യമായി ജോലിയുണ്ടെങ്കിൽ അവർ ദാരിദ്ര്യരേഖയ്ക്ക് മുകളിലായിരിക്കും. പൂർണ്ണമായും തൊഴിലില്ലാതാകുന്ന ഘട്ടത്തിൽ അവർ ബി. പി. എൽ-ലേയ്ക്ക് വരും. അങ്ങനെ fluctuate ചെയ്യുന്നതുകൊണ്ട് കൃത്യമായ കണക്ക് ശേഖരിക്കാൻ പ്രയാസമായിരിക്കും.

ശ്രീ. തമ്പാനൂർ രവി: സർ, തോട്ടം മേഖലയിലെ-പ്രത്യേകിച്ച് തേയിലത്തോട്ടം മേഖലയിലെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ഇവിടെ പറഞ്ഞു. ഇലക്ട്രിസിറ്റി, സെയിൽസ് ടാക്സ് ഇവ ഗവൺമെന്റിന് ഇളവ് ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. ഇത് രണ്ടും ഒഴിവാക്കിയാൽ ധാരാളം തോട്ടങ്ങൾ തുറക്കാനും തൊഴിലാളികളെ രക്ഷിക്കാനും കഴിയും, അതിന് ഗവൺമെൻറ് മുൻകൈ എടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഇത് രണ്ടും പൂർണ്ണമായും ഒഴിവാക്കാൻ ഗവൺമെന്റിന് അധികാരമില്ല. റഗുലേറ്ററി കമ്മീഷൻ വന്നശേഷം നമുക്ക് മാത്രമായി അത് വേണ്ടെന്ന് വയ്ക്കാൻ കഴിയില്ല. പിന്നെ സെയിൽസ് ടാക്സും പി. എഫ്. ഡ്യൂസും എല്ലാം ഒന്നോ രണ്ടോ വർഷത്തേയ്ക്ക് നിർത്തിവെച്ച് സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ അടയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കാം എന്നുള്ള നിർദ്ദേശം വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചെയർമാനായ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഈ കാര്യത്തെ കുറിച്ച് ഗൗരവമായി ഡിസ്കഷൻ നടത്തി ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അത് നടപ്പിലാക്കാൻ ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ പരമ്പരാഗത മേഖലയിലെ മുഖ്യമായ വിഷയം അവിടെയുള്ള ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. ഇവിടെ ചോദ്യത്തിന് മറുപടിയായി (സി) യിൽ അങ്ങ് പറഞ്ഞത് വിവരം ശേഖരിക്കുന്നു എന്നാണ്. ഒരു സത്യം അങ്ങയുടെ വകുപ്പിന് അറിയാം. അങ്ങ് എന്തിനാണ് ഈ വസ്തുത തമസ്കരിക്കുന്നത് എന്ന് അറിയില്ല. ഇക്കണോമിക് റിവ്യൂവിലെ റിപ്പോർട്ട് അനുസരിച്ച് കയർ മേഖലയിൽ 75,000 ആളുകൾക്ക് കൈത്തറി മേഖലയിൽ 50,000-ത്തോളം ആളുകൾക്ക്, ബീഡി മേഖലയിൽ 40,000 ആളുകൾക്ക്, തോട്ടം മേഖലയിൽ 13,000 ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. രണ്ടു ലക്ഷത്തോളം വരുന്ന പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് 2003 ആഗസ്റ്റ് മാസത്തിൽ ഒരു പദ്ധതി തയ്യാറാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ഫ്ളോറിൽ ഉറപ്പ് നൽകിയതാണ്. ബീഡി മേഖലയെ മാത്രം ബന്ധപ്പെടുത്തിക്കൊണ്ട് സുരജ് കമ്മിറ്റി ഒരു ഇന്റിറിം റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ഇതുപോലെ സമാനമായ റിപ്പോർട്ടുകൾ വേറെയും അങ്ങയുടെ ഗവൺമെന്റിന്റെ പക്കലുണ്ട്. സുരജ് കമ്മിറ്റി കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളിൽ മുന്നിൽ പറയുന്നത് വിവിധ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് പുഷ്പകൃഷി, പൗൾട്രീഫാം ഉൾപ്പെടെ തൊഴിൽ സംരക്ഷിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം എന്നാണ്. ദിനേശ് ബീഡിയെ സംരക്ഷിക്കുന്നതിന് പ്രത്യേകമായി പാക്കേജ് നടപ്പാക്കണം. അങ്ങനെ പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന്, ബീഡിത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് പറഞ്ഞ ലിസ്റ്റ് എവിടെ നിന്നും കിട്ടിയതാണെന്ന് അറിയില്ല. പൂർണ്ണമായ വിവരം ശേഖരിച്ചിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. കയർ മേഖലയിൽ പതിനായിരത്തോളം ആളുകൾക്ക് കഴിഞ്ഞ നാലഞ്ചു വർഷത്തിനകം തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കുന്നത്. ഇത് കൃത്യമായ കണക്കല്ല. പക്ഷേ ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ കൂടുതൽ ഉണ്ടായിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖല സഹായിയായി നിൽക്കുന്നതല്ല. ഈ എണ്ണത്തിൽ വ്യത്യാസമുണ്ടാകും.

ശ്രീ. വർക്കല കഹാർ: സർ, പരമ്പരാഗത മേഖലയിൽ 110 കോടി രൂപ കശുവണ്ടിക്കും 19 കോടി രൂപ കയറിനും ആ വ്യവസായങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി നൽകിയിട്ടുണ്ട് എന്ന് ഇവിടെ പറഞ്ഞു. സർക്കാരുകൾ കാലാകാലങ്ങളിൽ ഇത്തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ഒക്കെ ചെയ്യാറുണ്ട്. ഈ ഗവൺമെന്റ് ഏറ്റവും കൂടുതലായി ചെയ്തിട്ടുണ്ട്. എങ്കിലും തൊഴിൽരഹിതരെ സഹായിക്കാനും വ്യവസായങ്ങളെ രക്ഷിക്കാനും കഴിഞ്ഞിട്ടില്ല. തൊഴിൽരഹിതരെ സഹായിക്കുന്നതിന് തൊഴിലില്ലായ്മ വേതനമോ അതുപോലുള്ള സഹായമോ അല്ല വേണ്ടത്. ഈ വ്യവസായങ്ങളെ റിവൈവ് ചെയ്യുകയാണ് ആവശ്യം. അതിന് ഈ വ്യവസായരംഗത്തുള്ള തൊഴിലാളികളുമായി ബന്ധപ്പെട്ട് ഇത് modernise ചെയ്യുന്നതിനും വൈവിദ്ധ്യപൂർണ്ണമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: കേന്ദ്ര ഗവൺമെന്റ് പുതിയ യു. പി. എ. ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ വളരെ സമഗ്രമായ പദ്ധതികൾ സമർപ്പിച്ച് ഇത് നടപ്പിലാക്കുന്നുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളോട് പലപ്പോഴും ഈ ഗവൺമെന്റ് നീതി പുലർത്തുന്നില്ല. ഒരുപാട് അനുഭവങ്ങളുണ്ട്. തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം വേജസ് ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെ പുതുക്കിയിട്ടില്ല. നോട്ടിഫിക്കേഷൻ ഒരുപാട് ഇറക്കുന്നുണ്ട്. പക്ഷെ ഒരു കാര്യവും നടക്കുന്നില്ല. അത് ഈ ഗവൺമെന്റ് പോകുന്നതിനു മുൻപെങ്കിലും നടപ്പാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട സുപാൽ പറഞ്ഞത് ശരിയാണ്. വളരെ കൃത്യമായി അതിന്റെ നിയമങ്ങളനുസരിച്ച് നടപടികൾ സ്വീകരിച്ച് പ്ലാന്റേഷന്റേയും അതുപോലെതന്നെ കശുവണ്ടിയുടെയും പ്രൈമറി നോട്ടിഫിക്കേഷൻ ഇറക്കി മിനിമം വേജസ് അഡ്വൈസറി കമ്മിറ്റിക്ക് പോയി. അതിന്റെ റിപ്പോർട്ട് വന്ന് ഏതാനും ദിവസങ്ങൾക്കകം അതിനുള്ള നടപടികൾ പൂർത്തിയാക്കി അത് പ്രസിദ്ധീകരിക്കും.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായമാണ് കശുവണ്ടി വ്യവസായം. കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ശാശ്വതമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇന്ന് ഇന്റർനാഷണൽ കോംപറ്റീഷൻ വളരെ കൂടുതലാണ്. ഈ വ്യവസായം സംരക്ഷിക്കുന്നതിനുവേണ്ടി കൊല്ലം ആസ്ഥാനമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ.?

ശ്രീ. ബാബു ദിവാകരൻ: കാഷ്യൂ കേർപ്പറേഷന്റെ ബാദ്ധ്യത 110 കോടി രൂപയാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തത്. 60 കോടി രൂപയോളം ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽത്തന്നെ ബഡ്ജറ്റിൽ കൊടുത്തിട്ടുണ്ട്. 30,000-ത്തോളം വരുന്ന കശുവണ്ടി വ്യവസായ തൊഴിലാളികളെ സംരക്ഷിത്തുന്നതിനുവേണ്ടി എടുത്ത നടപടിയാണ്. കൂടാതെ ആറ് കോടിയോളം രൂപ കാപ്പെക്സിന് ഈ ഗവൺമെന്റ് തന്നെ നൽകിയിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ സെമി മെക്കനൈസ്ഡ് പ്രോഗ്രാം ഇതിനെല്ലാം കേന്ദ്ര ഗവൺമെന്റ് ഈ അടുത്ത കാലത്ത് വളരെ സഹായങ്ങൾ കൊടുക്കുന്നുണ്ട്. വൻ തുകയും ഖാദിക്ക് ചെലവഴിക്കുന്നുണ്ട്. കേരളത്തിൽ നഷ്ടപ്പെട്ടു പോകുന്ന സിഗാർ, ചുരുട്ട് ഇതിനൊക്കെ വലിയ സംഖ്യ ഇല്ലാത്തതുകൊണ്ട് ആരും ശ്രദ്ധിക്കാതെ ആ കുടുംബം മുഴുവൻ പട്ടിണിയിലാണ്. അവർക്കും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: കേന്ദ്ര ഗവൺമെന്റിന്റെ ഈ പ്രയോജനം നമുക്ക് ലഭ്യമാക്കുന്നതിനുവേണ്ടി പ്രത്യേകമായി രണ്ട് ഉദ്യോഗസ്ഥൻമാരെ തന്നെ സ്പെഷ്യൽ ആഫീസർമാരായി നിയമിച്ചുകൊണ്ട് ഓരോ മേഖലയിലേയും പ്രത്യേകതകൾ കണക്കിലെടുത്ത് ആ സ്കീമിന്റെ പ്രയോജനം എങ്ങനെ കേരളത്തിൽ ലഭ്യമാക്കാം എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ കാര്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധിച്ച ഒരു ഗവൺമെന്റാണ് യു. ഡി. എഫ്. ഗവൺമെന്റ് കഴിഞ്ഞ ഗവൺമെന്റ് ഇവർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും എന്നാൽ 120 കോടി രൂപ കശുവണ്ടി തൊഴിലാളികൾക്കും മറ്റു മേഖലകൾക്കുംവേണ്ടി കൊടുക്കുകയും ഇതിനുപുറമെ ഏഴരക്കോടി രൂപ സമാശ്വാസ പദ്ധതിക്കായിട്ട് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതേ സമയം കഴിഞ്ഞ ഗവൺമെന്റ് കശുവണ്ടിത്തൊഴിലാളികൾക്കായി ഒന്നും ചെയ്തിട്ടില്ല. വസ്തുതകൾ പരിശോധിച്ചാൽ ഇത് മനസ്സിലാക്കാൻ കഴിയും. ഈ സാഹചര്യത്തിൽ പരമ്പരാഗത വ്യവസായ മേഖലയിലെ കൈത്തറിത്തൊഴിലാളികളുടെ കാര്യത്തിൽ പവർലൂം സെക്ടറിലൊക്കെ കേന്ദ്ര ഗവൺമെന്റിൽ നിന്നും പരമാവധി കിട്ടാവുന്ന കോടിക്കണക്കിന് രൂപ കേരളത്തിന് വേണ്ടി നേടിയെടുക്കുവാനും അത് ഇവരുടെ പുനരധിവാസത്തിനുവേണ്ടി പ്രയോജനപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഹാന്റ്ലൂം മേഖലയിൽ ഇപ്പോൾ ഡെവലപ്മെന്റ് ഫണ്ട് എന്നുള്ള നിലയിൽ പുതിയ ഒരു സ്കീമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നത്. പുതിയ തറി വയ്ക്കുന്നതിനും ഷെഡ് പണിയുന്നതിനും ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്മെന്റിനും വേണ്ടിയാണ് പുതിയ സഹായം. അത് പരമാവധി നേടിയെടുക്കുന്നതിന് നിരവധി പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കുറെ ഇതിനകം അനുവദിച്ചിട്ടുണ്ട്.കൂടുതൽ അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. ജയരാജൻ: സർ, കേരളത്തിൽ പരമ്പരാഗത വ്യവസായ മേഖലയിൽപ്പെട്ട ഒന്നാണ് തടി വ്യവസായം. അതിൽ 1994-ലെ മിനിമം കൂലി നിർണ്ണയിച്ചതിനുശേഷം 13 വർഷമായിട്ട് മിനിമം കൂലി പുതുക്കിയിട്ടില്ല. തൊഴിലാളികൾ അങ്ങേയറ്റം സാമ്പത്തിക പ്രതിസന്ധിയിലാണ്. മരവ്യവസായത്തിന്റെ പ്രതിസന്ധി പറഞ്ഞുകൊണ്ടാണ് മിനിമം വേജസ് പുതുക്കാത്തത്. അതേസമയം മരവ്യവസായത്തിന്റെ ഭാഗമായിട്ടുള്ള ഫർണ്ണീച്ചർ വ്യവസായം ഇന്ന് നല്ല അഭിവൃദ്ധിയിൽ പോകുകയാണ്. അതുകൊണ്ട്മിനിമം വേജസ്സിന്റെ ഷെഡ്യൂളിൽ ഫർണിച്ചർ നിർമ്മാണ വ്യവസായം പ്രത്യേകമായിട്ട് ഉൾപ്പെടുത്തി കമ്മിറ്റി മെതഡിൽ അല്ലാതെ നോട്ടിഫിക്കേഷൻ മെതഡിൽ ഫർണീച്ചർ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ മിനിമം വേജസ് നിർണ്ണയിക്കുന്നതിനുവേണ്ടി അടിയന്തിരമായി നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, അതിനുള്ള നടപടികൾ എടുക്കുകയാണ്, ഫർണ്ണീച്ചർ വ്യവസായത്തിനെ പ്രത്യേകമായ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. വാഹീദ്: സർ, പരമ്പരാഗത മേഖലയിലെ പ്രധാന വ്യവസായങ്ങളിൽ ഒന്നാണ് കയർ വ്യവസായം. കയർ വ്യവസായത്തിൽ രണ്ട് മേഖലകളുണ്ട്. ഒന്ന് സ്വകാര്യ മേഖല മറ്റൊന്ന് സഹകരണ മേഖല. സഹകരണ മേഖല പൂർണ്ണമായും അടഞ്ഞുകിടക്കുകയാണ്. അതേസമയത്ത് സ്വകാര്യ മേഖല അങ്ങനെ അടഞ്ഞുകിടക്കുന്നുമില്ല. ആ മേഖലയിൽ പ്രവർത്തനം നടക്കുന്നുണ്ട്. സഹകരണ മേഖലയിൽ എന്തുകൊണ്ട് ഇങ്ങനെ ഒരു അപചയം സംഭവിച്ചു എന്നുള്ളതിനെക്കുറിച്ചും സഹകരണ മേഖലയിലെ തൊഴിൽ രഹിതരുടെ എണ്ണം കൂടിയതിനു കാരണം എന്താണെന്നും അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതും അങ്ങനെ നഷ്ടം വരാനുണ്ടായ സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായത് എന്നും പരിശോധിച്ചിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കയർ മേഖലയിൽ 807 സൊസൈറ്റികളാണുള്ളത്. അതിൽ 400-ൽ ചിലാനം ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം ശരിയായിട്ട് നടക്കാത്തതുകൊണ്ട് അത് ദീർഘ കാലമായി അടച്ചിട്ടിരിക്കുകയാണ്. മിസ്മാനേജ്മെന്റും ഉണ്ട്. 407 എണ്ണം ലിക്വിഡേറ്റ് ചെയ്തിട്ടില്ല. 20 സൊസൈറ്റികളാണ് ആകെ ലാഭത്തിൽ നടക്കുന്നത്, ബാക്കി സൊസൈറ്റികളെല്ലാം നഷ്ടത്തിലാണ്. എന്നാൽ സഹായിക്കാൻ സാധിക്കുന്നതായിട്ടുള്ള സൊസൈറ്റികളെ സഹായിക്കുന്നുണ്ട്. അത് തിരികെ കൊണ്ടുവരുന്നതിനുള്ള നടപടിയും എടുക്കുന്നുണ്ട്. സഹായിച്ചാൽ പ്രവർത്തിക്കാൻ കഴിയുന്ന സൊസൈറ്റികളെ ആപ്കോ സൊസൈറ്റി അടിസ്ഥാനത്തിൽ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി മാത്രമാക്കി അത് വർക്ക്ചെയ്യാൻ ഒരു നടപടി ഗവൺമെന്റ് പരീക്ഷിച്ചുനോക്കുകയാണ്. ആവശ്യത്തിനുള്ള പൈസ കൊടുക്കുന്നുണ്ട്. മോട്ടോറൈസ്ഡ് റാട്ടും കൊടുക്കുന്നുണ്ട്. അവിടെ കൊടുക്കുന്ന റാട്ട് മുഴുവൻ മെക്കനൈസ്ഡ് റാട്ടാണ്. മുഴുവൻ പീത്തയാണ്, അത് മാറ്റി പുതിയതായിട്ടുള്ള റാട്ടുകൾ കൊടുത്തു. സെൻട്രൽ ഗവൺമെന്റുമായി കൂടിയാലോചിച്ച് ഫ്രീയായിട്ട് കൊടുക്കുകയാണ്. ആ വിധത്തിലുള്ള നടപടികൾ എടുക്കുന്നുണ്ട്. തർക്കവും വഴക്കുമൊക്കെ ഉണ്ടായിരുന്ന ആളുകളൊക്കെ ഇപ്പോൾ അത് മാറ്റി സഹകരിക്കാൻ തുടങ്ങിയിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കയർ മേഖയിൽ സൊസൈറ്റികൾ തകർന്നുപോയതിനെയാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടത്. എങ്കിൽ കൈത്തറി മേഖലയിലും ബീഡി മേഖലയിലും കണ്ണൂർ ജില്ലയിൽ പിടിച്ചു നിൽക്കുന്നത് സൊസൈറ്റികൾ മുഖേനയാണ്. 45,000 തൊഴിലാളികൾ തൊഴിൽ ചെയ്തിരുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സഹകരണ സ്ഥാപനമായിരുന്നു ദിനേശ് ബീഡി. അത് ഇപ്പോഴും ഗുരുതരമായ പ്രതിസന്ധിയിലാണ്. അതായത് പുനരധിവാസത്തിന്റെയും ഉള്ളവർക്ക് തൊഴിൽ കൊടുക്കുന്നതിന്റെയും ഭാഗമായി എന്തെങ്കിലും ഒരുപ്രത്യേക സ്കീം ഗവൺമെന്റ് ഉണ്ടാക്കുമോ? കൈത്തറി മേഖലയിൽ കൈത്തറിക്കുള്ള പരിരക്ഷ 2006 ഓടുകൂടി അവസാനിക്കുകയാണ്. എല്ലാം ടെക്സ്റ്റൈൽ എന്ന രീതിയിലേക്ക് വരികയാണ്. ഇപ്പോഴും കൈത്തറി മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം ഗുരുതരമായ പ്രതിസന്ധിയിലേക്ക് പോകുകയാണ്. അവിടെയും സൊസൈറ്റികളാണ് ഇന്ന് അൽപ്പമെങ്കിലും തൊഴിലാളികൾക്ക് ജോലി

കൊടുക്കുന്ന സ്ഥാപനം എന്ന നിലയിൽ പ്രവർത്തിക്കുന്നത്. സൊസൈറ്റികൾക്ക് പരിരക്ഷ നഷ്ടപ്പെട്ട ഇന്നത്തെ പശ്ചാത്തലത്തിൽ എന്തെങ്കിലും പുതിയ സ്കീം കൊണ്ടുവന്നിട്ട് അവരെ സംരക്ഷിക്കാനുള്ള നിലപാട് ഈ രണ്ട് മേഖലയിലും ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. ഇപ്പോൾ ടെക്സ്റ്റയിൽസിന്റെ പൊതുനയം വരുമ്പോൾ കൈത്തറിക്ക് കിട്ടിയിരുന്ന പരിരക്ഷ കുറഞ്ഞുപോകാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ ഇക്കാര്യം വളരെ ഗൗരവമായി തന്നെ ടേക്ക് അപ് ചെയ്യുന്നതാണ്. മുമ്പ് റിബേറ്റുകളാണ് സൊസൈറ്റികളെ വളരെ ആട്രാക്ഷനായിട്ട് നിലനിർത്തിയിരുന്നത്. അത് നിർത്തലാക്കി. റിബേറ്റുകൾ ദുരുപയോഗം ചെയ്തതിന്റെ കഥകളും നമുക്ക് ഒരുപാട റിയാം. അത് പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ടേക്ക് അപ് ചെയ്തിട്ടുണ്ട്. ബീഡി വ്യവസായത്തെ സംബന്ധിച്ച് അതിന്റെ ഡിമാന്റ് കുറയുന്നു എന്നുള്ളതാണ് ബീഡിക്ക് വന്നിരിക്കുന്ന ഒരു പ്രധാന ഘടകം. അതുകൊണ്ടാണ് ദിനേശ് ബീഡിയടക്കം വൈവിദ്ധ്യവൽക്കരണത്തിലേക്ക് പോകാനും അതിന്റെ മറ്റ് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് തൊഴിലാളികളെ നിലനിർത്താനുള്ള ശ്രമങ്ങൾ നടക്കുന്നത്. അതിന് ഗവൺമെന്റ് വ്യവസായ വകുപ്പിൽ നിന്ന് ഏതെല്ലാം നിലയിൽ സഹായിക്കാൻ കഴിയുമോ അതെല്ലാം ചെയ്യുന്നുണ്ട്. സൂരജ് കമ്മിറ്റി അതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് ഗൗരവമായി തന്നെ കണക്കിലെടുക്കുന്നുണ്ട്.

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് ഏല തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഏതാണ്ട് 60,000-ൽ അധികം ഉണ്ടെന്നാണ് കണക്ക്. ചെറുകിട ഏലത്തോട്ടങ്ങളിൽ ഏലത്തിന് വിലകുറയുമ്പോൾ വല്ലാത്ത കഷ്ടപ്പാടിലാണ്. ഈ ഏലത്തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ, അക്കാര്യത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഇത് പ്ലാന്റേഷന്റെ കാര്യം പറഞ്ഞപ്പോൾ പറഞ്ഞതാണ്. ഏലത്തിന്റെ ഒരു പ്രത്യേകത ഓരോ സീസണിലും അതിന്റെ വില ഫ്ലക്ച്വേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ചില സീസണിൽ നല്ല വില കിട്ടും. അടുത്ത സീസണിൽ ഗണ്യമായി കുറയും. വില വളരെ കുറഞ്ഞുകഴിയുമ്പോൾ, ചെറുകിട കർഷകരും, തൊഴിലാളികളും ബുദ്ധിമുട്ടുന്നു. ചെറുകിട കർഷകരാണ് വളരെ കൂടുതലും. വൻകിട കൃഷിക്കാർ വളരെ നാമമാത്രമായേ അതിൽ ഉള്ളൂ. ഇപ്പോൾ ഏലത്തിന് വളരെ വിലകുറഞ്ഞു നിൽക്കുന്ന ഒരു സമയമാണ്, ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും തൊഴിലാളികളും ചെറുകിട കർഷകരും ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. അത് ഗവൺമെന്റ് അർഹിക്കുന്ന ഗൗരവത്തോടുകൂടിതന്നെ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ അഴിമതി തടയാൻ നടപടി

2 [*2] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആരോപണ വിധേയരായ ജയിൽ ജീവനക്കാർക്ക് എതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഡി) വിശദാംശങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്.

(ബി) ജയിൽ വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും പൊതുജനങ്ങളുടെ ശ്രദ്ധക്കായി കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും കുറ്റകരമാണെന്നും ഉദ്യോഗസ്ഥർ കൈക്കൂലിയോ, പാരിതോഷികമോ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അധികാരികളെ അറിയിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ജയിൽ ജീവനക്കാർ ഓരോ ദിവസവും ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനു മുൻപ് അവരുടെ പക്കലുള്ള പണത്തിന്റെ കണക്ക് കൃത്യമായും 'പേഴ്സണൽ കാഷ് രജിസ്റ്റർ'-ൽ രേഖപ്പെടുത്തി അതാത് സ്ഥാപനമേധാവിയെ ബോധ്യപ്പെടുത്തേണ്ടതാണ് എന്നുള്ള സർക്കുലർ ഓരോ സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

വകുപ്പദ്ധ്യക്ഷന്റെയും, മേഖലാ ഡി. ഐ. ജി. മാരുടേയും മുന്നറിയിപ്പ് ഇല്ലാതെയുള്ള സന്ദർശനങ്ങളും ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് നിയോഗിച്ച സ്പെഷ്യൽ സ്ക്വാഡിന്റെ മിന്നൽ പരിശോധനകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്.

തടവുകാർക്ക് നൽകുന്ന ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിൽ തിരിമറി നടക്കാതിരിക്കുന്നതിനുവേണ്ടി സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മാത്രമായി ആ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ജയിലുകളിൽ കോടതി നേരിട്ട് സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾക്ക് പുറമെ വകുപ്പദ്ധ്യക്ഷന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള പരാതിപ്പെട്ടികൾ തിരുവനന്തപുരം, വിയ്യൂർ എന്നീ ലസൻട്രൽ ജയിലുകളിൽ സ്ഥാപിച്ചതും അഴിമതി നിയന്ത്രിക്കുന്നതിന് സഹായകരമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly